LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) നിലാവ് പദ്ധതിയിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചുനൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂറായി പണമടയ്ക്കേണ്ടതില്ല. കിഫ്ബിയാണ് പദ്ധതിക്കുവേണ്ട ധനസഹായം ചെയ്യുന്നത്. എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് കിഫ്ബിക്കുള്ള തിരിച്ചടവ് നടത്തേണ്ടത്. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ലക്ഷ്യമിട്ട 18W & 35W-ന്റെ രണ്ട് ലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30-ഓടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്ഥാപിച്ചുകഴിഞ്ഞു. ഇതിൽ 411 ഗ്രാമപഞ്ചായത്തുകളും (PRIs) 35 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 446 തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്ന പാക്കേജുകളിൽ ഉൾപ്പെട്ട 70W & 110W LED തെരുവു വിളക്കുകൾ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സ്ഥാപിച്ചു നൽകുന്നതാണ്. രണ്ടാം ഘട്ടത്തിലേയ്ക്ക് 1,72,000 എണ്ണത്തിന്റെ ആവശ്യകത മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇതനുസരിച്ച് 25-8-2021-ന് 1,72,000 തെരുവുവിളക്കുകൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇ.ഇ.എസ്.എൽ-ന് ലെറ്റർ ഓഫ് ഇന്റെന്റ് (LOI) നൽകിയിട്ടുണ്ട്. ഇ.ഇ.എസ്.എൽ. ഓർഡർ സ്വീകരിച്ച് സപ്ലൈ എത്തിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ചേർന്ന് കൃത്യമായ ആവശ്യകത നൽകിയ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലാവ് രണ്ടാം ഘട്ടത്തിലെ തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാൻ കഴിയും.

(സി) കൊയിലാണ്ടി നഗരസഭ ഇക്കാര്യത്തിൽ നൽകിയ നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിവേദനം പരിശോധിച്ച് അടിയന്തര നടപടികൾക്കായി കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുണ്ട്. തുടർ നടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചുവരുന്നു.

**കേന്ദ്ര സർക്കാരിന്റെ വൈദ്യുത പദ്ധതികൾ**

255 (640) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പാലിറ്റി/നഗര വൈദ്യുത വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ വൈദ്യുത പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുനിസിപ്പാലിറ്റി/നഗര പ്രദേശ വികസനം ലക്ഷ്യമാക്കിയുള്ള 579.514 കോടിയുടെ (IPDS) പദ്ധതി 2019 ഡിസംബർ മാസം പൂർത്തീകരിച്ചു.

ഊർജ്ജമേഖലയിലെ നവീകരണത്തിനായി 27-7-2021-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നൂതന പദ്ധതിയായ റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) സംസ്ഥാനങ്ങളിലെ നഗര-ഗ്രാമ ഭേദമെന്യേ ഒരുപോലെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിതരണ മേഖലയിലെ പരിഷ്ക്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ ഡിസ്കോമുകളെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ആയതിനുള്ള കർമ്മപദ്ധതിയും വിശദമായ പദ്ധതി റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ നഗരസഭകളെ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത നഗരസഭകളെ ഉൾപ്പെടുത്തുന്നതിനും അവർക്ക് സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി&സി) ബാധകമല്ല.

**ആലത്തൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

256 (641) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ?

ആലത്തൂർ മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പ് ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 3 കി.മീ. എച്ച്.ടി. ലൈൻ പുതുതായി നിർമ്മിക്കുകയും ലോഡ് സെന്ററുകളിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 20 കമ്മ്യൂണിക്കേറ്റീവ് ഫോൾട്ട് പാസ്സ് ഇൻഡിക്കേറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എൽ.ടി. റീകണ്ടക്ടറിംഗ് വർക്കുകൾ, AB സ്വിച്ച് സ്ഥാപിക്കൽ, കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കൽ എന്നീ പ്രവൃത്തികളും ഉൾപ്പെടെ ഏകദേശം 3 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലത്തൂർ ടൗണിൽ സുഗമമായ വൈദ്യുതി പ്രവാഹത്തിന് ഭൂഗർഭ കേബിൾ ഉപയോഗിച്ച് ഏകദേശം ഒരു കോടിയോളം രൂപ ചെലവഴിച്ച് നടപ്പിലാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly